# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2872 10.03.2017-ൽ മറുപടിയ്ക്ക്**

## ഫിഷറീസ് സ്കൂളുകൾ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | എ) സംസ്ഥാനത്ത് 10 ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) പ്രസ്തുത സ്കൂളുകളിൽ റസിഡൻഷ്യൽ സമ്പ്രദായമാണോ നിലവിലുള്ളത് ; റസിഡൻഷ്യൽ സമ്പ്രദായം കാരണം ഫിഷറീസ് സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ സ്കൂളിൽ തന്നെ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രവേശനം നൽകിയിരുന്നത്. എന്നാൽ റസിഡൻഷ്യൽ സമ്പ്രദായത്തോട് താത്പര്യം കുറഞ്ഞു വരുന്നതിനാൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. |
| സി) എങ്കിൽ റസിഡൻഷ്യൽ സമ്പ്രദായത്തിൽ മാറ്റം വരുത്തി ഫിഷറീസ് സ്കൂളുകളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | സി) ഗവൺമെന്റ് റീജിയണൽ ഫിഷറീസ് റസിഡൻഷ്യൽ സ്കൂളുകളിൽ ഈ അക്കാദമിക് വർഷം മുതൽ 50%-ത്തിൽ അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സിന് കൂടി പ്രവേശനം നൽകി ഉത്തരവായിട്ടുണ്ട്.<br>ഫിഷറീസ് സ്കൂളുകളെ ശാക്തീകരിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യം, വിദ്യാഭ്യാസ ചെലവ് വഹിക്കൽ, വിദ്യാർത്ഥികളുടെ ക്ലാസ്സുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ, സ്മാർട്ട് ക്ലാസ് റൂം, കായിക ഉപകരണങ്ങൾ വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെയുള്ള തീരദേശ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ